# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 5028 27/06/2019 - ലെ മറുപടിക്ക്**

## മുഖ്യമന്ത്രിയുടെ കടാശ്വാസപദ്ധതി

**ചോദ്യം** **ഉത്തരം**

**ശ്രീ. കെ. വി. വിജയദാസ്.**
**ശ്രീ. സി. കെ. ശശീന്ദ്രൻ.**
**ശ്രീ. കെ. ഡി. പ്രസേനൻ.**
**ശ്രീ. കാരാട്ട് റസാഖ്.**

**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| | | |
|---|---|---|
| (എ) | സർക്കാരിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ നിന്നെടുത്ത വായ്പകളുടെ തിരിച്ചടവിൽ വീഴ്ച വരുത്തിയത് മൂലം ജപ്തി ഭീഷണി നേരിടുന്നവർക്ക് പലിശയിളവും കടാശ്വാസവും അനുവദിക്കുന്നതിന് മുഖ്യമന്ത്രിയുടെ കടാശ്വാസപദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | 28.08.2016-ൽ സ.ഉ. (പി) 118/2016/ധന. നമ്പരായി മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഗുണ ഭോക്താക്കൾ ആരെല്ലാമാണെന്നും ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നെടുത്ത വായ്പകളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും വ്യക്തമാക്കാമോ; | മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതി പ്രകാരം ഗുണഭോക്താക്കളെ രണ്ടു വിഭാഗമായി തരംതിരിക്കാവുന്നതാണ്.<br><br>അഞ്ചുലക്ഷം രൂപ വരെയുള്ള വായ്പകളിൽ കടാശ്വാസത്തിന് അല്ലെങ്കിൽ വായ്പാപലിശ ഇളവിന് അർഹതയുള്ള, താഴെവിവരിക്കുന്ന വരെല്ലാം ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ്.<br><br>1. **കടാശ്വാസം (പൂർണ്ണമായും എഴുതിത്തള്ളുന്നത്)**<br><br>(i) റവന്യൂ വകുപ്പിൽനിന്ന് ലഭ്യമാക്കിയിട്ടുള്ള Low Income Group Housing (LIGH), Middle Income Group Housing (MIGH) വായ്പകളിലെ കുടിശ്ശിക തുക.<br>(ii) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽനിന്ന് താഴ്ന്ന വരുമാന |

| | | |
|---|---|---|
| | | വിഭാഗത്തിൽപ്പെട്ടവർക്ക് (എൽ.ഐ.ജി.) അനുവദിച്ചതും മുതലും പലിശയും പിഴപ്പലിശയും ഉൾപ്പെടെ മുതലിന്റെ 200% എങ്കിലും തിരിച്ചടവ് നടത്തിയിട്ടുള്ളതുമായ വായ്പകൾ.<br>(iii) വായ്പാ സ്ഥാപനങ്ങളിൽനിന്ന് അനുവദിക്കപ്പെട്ട പരമാവധി അഞ്ചുലക്ഷം രൂപ വരെയുള്ള വായ്പകളിൽ മുതലും പലിശയും പിഴപ്പലിശയും ഉൾപ്പെടെ മുതലിന്റെ 200% എങ്കിലും തിരിച്ചടവ് നടത്തിയതിൽ ബാക്കി നിൽക്കുന്ന തുക.<br><br>2. **<u>പലിശ/പിഴപ്പലിശ എഴുതിത്തള്ളുന്നത്</u>**<br>(i) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽനിന്ന് താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് (എൽ.ഐ.ജി) അനുവദിച്ചതും മുതലും പലിശയും പിഴപ്പലിശയും ഉൾപ്പെടെ മുതലിന്റെ 150% എങ്കിലും നാളിതുവരെ അടച്ചുതീർത്തതുമായ വായ്പയിൽ ബാക്കി നിൽക്കുന്നതും മുതലിന്റെ 200% എത്തുന്നതുവരെയുള്ളതുമായ തുക. 24 പ്രതിമാസ ഗഡുക്കളായി തിരിച്ചടയ്ക്കണമെന്ന നിബന്ധനയിൽ പലിശയും പിഴപ്പലിശയും ഒഴിവാക്കി നൽകുന്നതാണ്.<br>(ii) റവന്യൂ വകുപ്പ് ഒഴികെയുള്ള വായ്പാ സ്ഥാപനങ്ങളിൽനിന്ന് താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് അനുവദിച്ചതും മുതലും പലിശയും പിഴപ്പലിശയും ഉൾപ്പെടെ മുതലിന്റെ 150% എങ്കിലും നാളിതുവരെ അടച്ചുതീർത്തതുമായ വായ്പയിൽ ബാക്കി നിൽക്കുന്നതും മുതലിന്റെ 200% എത്തുന്നതുവരെയുള്ളതുമായ തുക. 24 പ്രതിമാസ ഗഡുക്കളായി തിരിച്ചടയ്ക്കണമെന്ന നിബന്ധനയിൽ പലിശയും പിഴപ്പലിശയും ഒഴിവാക്കി നൽകുന്നതാണ്.<br><br>മേൽപ്രകാരം അർഹതാതുക കടാശ്വാസമായോ പലിശ/പിഴപ്പലിശയിളവായോ ആനുകൂല്യം ലഭിക്കാനിടയുള്ളതും താഴെ |

| | | |
|---|---|---|
| | | പ്പറയുന്ന വായ്പാസ്ഥാപനങ്ങളിൽനിന്ന് വായ്പയെടുത്ത (അർഹതാപ്പട്ടികയിൽ ഇടം നേടിയ) വ്യക്തി / നിയമാനുസൃത അനന്തരാവകാശി ഈ പദ്ധതിയുടെ ഗുണഭോക്താവാണ്.<br><br>കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, കേരള സംസ്ഥാന പട്ടിക-ജാതി / പട്ടിക-വർഗ്ഗ വികസന കോർപ്പറേഷൻ, പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനുകൾ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ എന്നീ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും റവന്യൂ വകുപ്പിൽ നിന്നുമുള്ള വായ്പകളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |
| (സി) | ഗുണഭോക്തൃനിർണയം, പദ്ധതി നടത്തിപ്പ് തുടങ്ങിയവയുമായി ബന്ധപ്പെട്ട് ഉണ്ടായേക്കാവുന്ന പരാതികൾ പരിഹരിക്കുന്നതിന് എന്തെല്ലാം സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ? | ഗുണഭോക്തൃനിർണയം, പദ്ധതി നടത്തിപ്പ് തുടങ്ങിയവയുമായി ബന്ധപ്പെട്ട് ഉണ്ടായേക്കാവുന്ന പരാതികൾ പരിഹരിക്കുന്നതിന് ഓരോ വായ്പാസ്ഥാപനവും പ്രത്യേക പരാതി പരിഹാര ഉദ്യോഗസ്ഥനെ നിയോഗിക്കേണ്ടതും പരാതിയിന്മേൽ പ്രസ്തുത ഉദ്യോഗസ്ഥൻ 30 (മുപ്പത്) ദിവസത്തിനകം തീർപ്പ് കല്പിക്കേണ്ടതുമാണ്. |

സെക്ഷൻ ഓഫീസർ